# പതിനാലാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 108** **23/01/2018-ന് മറുപടിക്ക്**

## <u>പറമ്പിക്കുളം - അളിയാർ കരാർ</u>

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. ബാബു** | **ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) പറമ്പിക്കുളം - അളിയാർ കരാർ പ്രകാരം നമ്മുടെ സംസ്ഥാനത്തിന് അർഹതപ്പെട്ട ജലം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ? | എ) നടപ്പ് (2017-18) ജല വർഷത്തിന്റെ തുടക്കം മുതൽ തന്നെ പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി) യിൽ നിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം പരമാവധി നേടിയെടുത്ത് ജലക്ഷാമം പ രിഹരിക്കാനുള്ള ശക്തമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഈ വിഷയത്തിൽ കേരള സർക്കാരും, ജലസേചന വകുപ്പും, കേരള വൈദ്യുതി ബോർഡും ശക്തമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. പി.എ.പി കരാർ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കണെ മെന്നാവശ്യപ്പെട്ടുകൊണ്ട് ഉദ്യോഗസ്ഥ തലത്തിലും, ഗവൺമെന്റ് തലത്തിലും തമിഴ്നാടിന് ഈ ജലവർഷത്തിൽ നിരവധി കത്തുകൾ അയക്കുകയു ണ്ടാ യി.<br><br>23.11.2017ന് ജോയിന്റ് ഡയറക്ടർ, ജെ.ഡബ്ല്യു.ആർ ഡിവിഷൻ, പാലക്കാട്, തമിഴ്നാടിന്റെ പറ മ്പിക്കുളം ആളിയാർ ബേസിൻ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുമായി നടത്തിയ ചർച്ചയിൽ, 20.12.2017 ന് മുമ്പായി 500 എം.സി.എഫ്.ടി ജലം പറമ്പിക്കുളം ഡാമിൽ നിന്നും ആളിയാർ ഡാമിൽ എത്തിക്കാമെന്ന് തമിഴ്നാട് സമ്മതിച്ചിരുന്നു. ഇതനുസരിച്ച് 24.11.2017 ന് ആളിയാർ ഡാമിലേയ്ക്ക് വെള്ളമെത്തിക്കുന്നത് തുട ങ്ങുകയും 20.12.2017 നു മുമ്പായിത്തന്നെ ജലം പറ മ്പിക്കുളം ഡാമിൽ നിന്നും ആളിയാർ ഡാമിലെ |

ത്തി ക്കുകയും ചെയ്തിട്ടുണ്ട്. ഡിസംബർ മാസത്തിലെ രണ്ട് ദ്വൈവാരങ്ങളിലും മണക്കടവ് വിയറിൽ കരാർ പ്രകാരം (ആകെ 1020 എം.സി.എഫ്.ടി) വെള്ളം ലഭ്യമാക്കാമെന്ന് ചർച്ചയിൽ തമിഴ്നാട് സമ്മതിച്ചിരുന്നു. ഈ ജലം ഏറെക്കുറെ മണക്കടവ് വിയറിൽ ലഭ്യമാക്കിയിട്ടുണ്ട്.

ചിറ്റൂർ പുഴ പദ്ധതിയിലെ രണ്ടാം വിള നെൽകൃഷിക്ക് വേണ്ട ജലം ലഭ്യമാക്കുന്നത് സംബന്ധിച്ച് 19.01.2018 ന് ഇരു സംസ്ഥാനങ്ങളിലേയും ബന്ധപ്പെട്ട സെക്രട്ടറിമാർ തമ്മിലുള്ള ഒരു യോഗം തിരുവനന്തപുരത്ത് വച്ച് ചേർന്നു. അതിനോടനുബന്ധിച്ച് ചേർന്ന, ഇരു സംസ്ഥാനങ്ങളുടേയും സംയുക്ത ജല ക്രമീകരണ ബോർഡ് (JWRB) യോഗത്തിൽ 2017 ഫെബ്രുവരി 15 -ാം തീയതി വരെ 400 ക്യൂസെക്സ് ജലം കേരളത്തിന് മണക്കടവ് വിയറിൽ നിന്ന് ലഭ്യമാക്കാമെന്ന് തമിഴ് നാട് സമ്മതിച്ചിട്ടുണ്ട്. തുടർന്നുള്ള ദിവസങ്ങളിലെ, അതായത് ഫെബ്രുവരി 15 ന് ശേഷം വിട്ടുനല്കുന്ന ജലത്തിന്റെ അളവ് ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യാൻ ഫെബ്രുവരി രണ്ടാം വാരത്തിൽ സെക്രട്ടറിതല ചർച്ച ചെന്നൈയിൽ ചേരുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

| | |
|---|---|
| ബി) പ്രസ്തുത കരാർ പ്രകാരം ഈ വർഷം ജലം ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | ബി) പി.എ.പി കരാർ പ്രകാരം ഒരു ജലവർഷം അതായത് ജൂലൈ 1 മുതൽ ജൂൺ 30 വരെ മണക്കടവ് വിയറിൽ 7250 എം.സി.എഫ്.ടി.യും കേരള ഷോളയാർ സംഭരണിയിൽ 12300എം.സി.എഫ്.ടി.യുമാണ് കേരളത്തിന്റെ ജല വിഹിതം. കൂടാതെ ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള അപ്പർ നീരാറിലെ തനതു നീരൊഴുക്കും കേരളത്തിന് അവകാശപ്പെട്ടതാണ്. ഇത് കേരളത്തിന് ലഭിക്കുന്നുണ്ട്. എന്നാൽ കരാർ പ്രകാരം ഇതിന്റെ അളവ് നിജപ്പെടുത്തിയിട്ടില്ല. ഇതിനു പുറമെ പറമ്പിക്കുളം വ്യൂഹം (പറമ്പിക്കുളം, തൂണക്കടവ്, പെരുവാരിപ്പള്ളം) ഡാമുകളുടെയും ലോവർ നീരാർ ഡാമിന്റെയും തനതുനീരൊഴുക്ക് 16350 എം. സി.എഫ്.ടി. കവിയുകയാണെങ്കിൽ അധികമായി വരുന്ന |

ജലത്തിൽ 2500 എം.സി.എഫ്.ടി. ജലം കേരളത്തിലെ ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനും, ശേഷിക്കുന്ന ജലം ചാലക്കുടി പുഴയിലേക്കും വിടേണ്ടതാണ്. എന്നാൽ നടപ്പ് ജല വർഷത്തിൽ തനത് നീരൊഴുക്ക് 16350 എം.സി.എഫ്.ടി. എന്ന പരിധി കടന്നിട്ടില്ല. നടപ്പ് ജല വർഷ (2017-18) ത്തിൽ കരാർ പ്രകാരം മണക്കടവ് വിയറിൽ 2017 ജൂലൈ 1 മുതൽ 2018 ജനുവരി 15 വരെ 5200 എം.സി.എഫ്.ടി. ജലമാണ് ലഭിക്കേണ്ടത് എന്നാൽ ഈ കാലയളവിൽ 4494 എം.സി.എഫ്.ടി. ജലമേ കിട്ടിയിട്ടുള്ളൂ. കൂടാതെ കേരള ഷോളയാറിലെ ജലവിതാനം 2017 സെപ്റ്റംബർ 1 ന് പൂർണ്ണ ജലനിരപ്പായ (ഫുൾ റിസർവോയർ ലെവൽ) 2663 അടിയിൽ തമിഴ്നാട് എത്തിച്ചിട്ടില്ല. കേരള ഷോളയാറിലെ ജലവിതാനം 2017 സെപ്റ്റംബർ 1 ന് 2651.60 അടിമാത്രമായിരുന്നു. പി.എ.പി യിൽ നിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുത്ത് ചിറ്റൂർപുഴ പദ്ധതി പ്രദേശത്തെ നിലവിലെ ജല ക്ഷാമം പരിഹരിക്കാനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നു.

സി) പറമ്പിക്കുളം - ആളിയാർ കരാർ പുതുക്കി നിശ്ചയിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ;

സി) പറമ്പിക്കുളം ആളിയാർ പദ്ധതിക്കരാറിന്റെ കാലാവധിയെ സംബന്ധിച്ച് കരാറിൽ പരാമർശിച്ചിട്ടില്ല. എന്നാൽ കരാറിന്റെ ഖണ്ഡിക 5(സി) അനുസരിച്ച് ഉഭയകക്ഷി സമ്മതപ്രകാരം കരാറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഓരോ മുപ്പത് വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്.

ഇതു അനുസരിച്ച് കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുവാനുള്ള കാലാവധി 1988 നവംബർ 9 ന് തികഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ കേരളം 1988ൽ തന്നെ ആരംഭിക്കുകയുണ്ടായി. പക്ഷെ ഇതുവരെ കേരളവും തമിഴ്നാടും പരസ്പരധാരണയിൽ എത്തിച്ചേരാത്തതിനാൽ കരാർ പുനരവലോകനം

യാഥാർത്ഥ്യമായിട്ടില്ല.

കേരളവും തമിഴ്നാടും തമ്മിലുള്ള വിവിധ അന്തർ സംസ്ഥാന ജല വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ 19.01.2018ന് ഇരു സംസ്ഥാനങ്ങളിലേയും ബന്ധപ്പെട്ട സെക്രട്ടറിമാർ തമ്മിലുള്ള ഒരു യോഗം തിരുവനന്തപുരത്ത് വച്ച് ചേരുകയും പ്രസ്തുത യോഗത്തിൽ പി.എ.പി കരാർ പുനരവലോകനം നടത്താമെന്ന് ധാരണയായിട്ടുണ്ട്.

| | |
|---|---|
| ഡി) ഈ കരാർ പ്രകാരം നമുക്ക് ലഭിക്കുന്ന ജലം ഏതെല്ലാം മേഖലകളിലേയ്ക്കാണ് വിതരണം നടത്തുന്നത് എന്നും ഏത് അളവിലാണ് ഓരോ പ്രദേശത്തേയ്ക്കും വിതരണം നടത്തുന്നത് എന്നും വിശദമാക്കുമോ? | ഡി) പി.എ.പി കരാർ പ്രകാരം ഒരു ജലവർഷം മണക്കടവ് വിയറിൽ 7250 എം.സി.എഫ്.ടി.യും കേരള ഷോളയാർ സംഭരണിയിൽ 12300 എം.സി.എഫ്.ടി.യുമാണ് കേരളത്തിന്റെ ജല വിഹിതം. മണക്കടവ് വിയറിൽ ലഭിക്കുന്ന ജലം ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തേയ്ക്കും, കേരള ഷോളയാർ സംഭരണിയിൽ ലഭിക്കുന്ന ജലം ചാലക്കുടിപ്പുഴ പദ്ധതി പ്രദേശത്തേയ്ക്കുമാണ് മുഖ്യമായും ലഭ്യമാക്കുന്നത്. പറമ്പിക്കുളം - ആളിയാർ കരാർ പ്രകാരം തമിഴ്നാട് ഷോളയാറിൽ നിന്നും കേരള ഷോളയാറിലേയ്ക്ക് ഒരു ജല വർഷത്തിൽ 12.30 TMC ft വെള്ളമാണ് ലഭിക്കേണ്ടത്. കേരള ഷോളയാറിൽ നിന്നും പൊരിങ്ങൽകുത്ത് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്റ്റിൽ നിന്നും ലഭിക്കുന്ന വെള്ളം തുമ്പൂർമൂഴി വിയറിൽ സംഭരിച്ച് ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിലെ ചാലക്കുടി, പുതുക്കാട്, കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട, അങ്കമാലി എന്നീ നിയോജകമണ്ഡലങ്ങളിലെ കോടശ്ശേരി, പരിയാരം, കൊടകര, മറ്റത്തൂർ , ആളൂർ , മുരിയാട്. പറപ്പൂക്കര , വേളൂക്കര , മാള , മേലൂർ, കൊരട്ടി , കാടുകുറ്റി , കറുകുറ്റി , മൂക്കന്നൂർ , പാറക്കടവ്, അയ്യമ്പുഴ , കാലടി , മഞ്ഞപ്ര , തുറവൂർ , അന്നമനട എന്നീ പഞ്ചായത്ത് പ്രദേശങ്ങളിലും അങ്കമാലി, ചാലക്കുടി എന്നീ മുൻസിപ്പൽ പ്രദേശങ്ങളും ഉൾപ്പെടെ 14142 ഹെക്ടർ സ്ഥലത്ത് ജലവിതരണം നടത്തുന്നു. |

സെക്ഷൻ ഓഫീസർ